നമ്പർ:C2-15194/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം -695 033.
തീയതി: 04.12.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനായുള്ള 'നേർവഴി' പദ്ധതി - പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ ചുമതലകൾ നിശ്ചയിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന:

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'നേർവഴി' എന്ന പേരിൽ ഒരു നൂതന പദ്ധതി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ഒന്നു വീതം പ്രൊബേഷൻ അസിസ്റ്റന്റുമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ സേവനം അനുഷ്ഠിക്കേണ്ട പ്രൊബേഷൻ അസിസ്റ്റന്റുമാർ നിർവഹിക്കേണ്ട ചുമതലകൾ ചുവടെ ചേർക്കുന്നു.

1. കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റാരോപിതരുടെ പ്രായം എന്നിവ പരിഗണിച്ച് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് പ്രകാരം കൈകാര്യം ചെയ്യാൻ യോഗ്യതയുള്ള കേസുകളുടെ വിവരങ്ങൾ ശേഖരിക്കുക.

2. ആക്ടിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയുള്ള വിചാരണ തടവുകാർ, ചെറിയ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ടവർ എന്നിവരെ സംബന്ധിച്ച് ജയിൽ സന്ദർശനം നടത്തി വിവരശേഖരണം നടത്തുക. ഇത്തരക്കാരിൽ പ്രൊബേഷൻ നിയമനം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക.

3. അർഹരായ കുറ്റാരോപിതർക്ക് കെൽസയുമായി ബന്ധപ്പെട്ട് നിയമസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. അഭിഭാഷകർ, പോലീസ്/ജയിൽ ഉദ്യോഗസ്ഥർ എന്നിവർക്ക് പ്രൊബേഷൻ നിയമനം സംബന്ധിച്ച് ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പ്രൊബേഷൻ ഓഫീസർമാരെ സഹായിക്കുക.

5. പ്രൊബേഷൻ നിയമപ്രകാരം കൈകാര്യം ചെയ്യപ്പെടാൻ യോഗ്യതയുള്ള 18-21 വയസ്സ് വരെയുള്ള കുറ്റാരോപിതരുടെ കേസുകളിൽ കുറ്റപത്രം സമർപ്പിക്കാത്തവ സംബന്ധിച്ച വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുക. ജാമ്യം, പരോൾ എന്നിവ ലഭിക്കാത്ത ജയിൽ അന്തേവാസികൾക്ക് അവരുടെ കുടുംബാംഗങ്ങളുടെ സഹകരണത്തോടെ അവ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക.

PL

6. മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവകൾക്ക് അടിമകളായി ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നവർ, ഗാർഹികാതിക്രമം നടത്തുന്നവർ എന്നിവരുടെ വിവരങ്ങൾ പോലീസിന്റെ സഹായത്തോടെ ശേഖരിച്ച് അവർക്ക് ആവശ്യമായ കൗൺസിലിംഗ്, ചികിത്സ എന്നിവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കുക.

7. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൂടുതലുള്ള പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്ത് ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതിനാവശ്യമായ സാമൂഹ്യ ഇടപെടലുകൾ നടത്തുക.

8. കുറ്റകൃത്യങ്ങളുടെ ലോകത്ത് എത്തപ്പെടാൻ സാദ്ധ്യതയുള്ള കുടുംബ സാമൂഹ്യസാഹചര്യങ്ങളിൽ ജീവിക്കുന്ന യുവാക്കളെ ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുമായി നിലവിൽ സഹകരിച്ചുവരുന്ന 'കാവൽ' എന്ന സന്നദ്ധസംഘടനയുടെയോ മറ്റ് സന്നദ്ധ സംഘടനകളുയെടോ പങ്കാളിത്തത്തോടെ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. തടവുകാരുടെ ആശ്രിതർ, കുട്ടികൾ എന്നിവർക്കും ജയിൽ മോചിതർക്കും സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന ധനസഹായ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും തുകയുടെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള മുൻകൈ സ്വീകരിക്കുകയും ചെയ്യുക. ജയിൽ മോചിതരായ അഗതികളുടെ ഡേറ്റാ കളക്റ്റു ചെയ്യുകയും പ്രൊബേഷൻ നിയമം, സ്കീമുകൾ എന്നിവ സംബന്ധിച്ച് ജയിൽ അന്തേവാസികൾക്ക് ബോധവൽക്കരണം നൽകുക.

പ്രൊബേഷൻ ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന എല്ലാ പ്രൊബേഷൻ അസിസ്റ്റന്റുമാരും പൂർണ്ണമായും ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാരുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്. നിശ്ചയിച്ചു നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുമ്പോൾ ആയത് പ്രൊബേഷൻ ഓഫീസർമാരുടെ അനുമതിക്കും അംഗീകാരത്തിനും വിധേയമായിരിക്കണം. പ്രൊബേഷൻ അസിസ്റ്റന്റുമാർ തങ്ങളുടെ ചുമതലകൾ കൃത്യനിഷ്ഠയോടും സമയബന്ധിതമായും സാമൂഹ്യപ്രതിബദ്ധതയോടും നിർവ്വഹിക്കുന്നുണ്ട് എന്ന് പ്രൊബേഷൻ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്. കരാർ ജീവനക്കാരൻ ചുമതലയേറ്റശേഷം എല്ലാ മാസവും അവർ നിർവ്വഹിച്ച ഡ്യൂട്ടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പ്രൊബേഷൻ ഓഫീസർമാർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതും ആയത് അവർക്ക് അനുവദിച്ചു നൽകിയ ചുമതലകൾക്ക് ആനുപാതികമാണ് എന്ന് ഉറപ്പാക്കേണ്ടതുമാണ്. 14 ജില്ലകളിലും നടപ്പാക്കപ്പെടുന്ന നേർവഴി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ വിജയം, പദ്ധതിയുടെ തുടർ നടത്തിപ്പിന് അനിവാര്യമായതിനാൽ എല്ലാ പ്രൊബേഷൻ ഓഫീസർമാരും ഈ വിഷയത്തിൽ പ്രത്യേകം വ്യക്തി ശ്രദ്ധ പതിപ്പിക്കണമെന്ന് കൂടി അറിയിക്കുന്നു.

Joyu

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
പ്രൊബേഷൻ ഓഫീസർമാർക്കും.

PL